**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5921** **25-03-2025 - ൽ മറുപടിയ്ക്ക്**

**പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ വിതരണ വിഭാഗത്തിന്റെ കാര്യക്ഷമത കുറയുന്നതിനും പ്രസരണ നഷ്ടം കൂടുന്നതിനും പ്രധാന കാരണം പഴയ ട്രാൻസ്ഫോർമറുകളാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ഇതു പരിഹരിക്കുന്ന തിനായി കൃത്യമായ ഇടവേളകളിൽ ട്രാൻസ്ഫോർമറുകളിലെ പരിശോധന യിലൂടെ ആവശ്യമെങ്കിൽ ലോഡ് ബാലൻസിങ് നടത്തുകയും ട്രാൻസ്ഫോർ മറിന്റെ കണക്ഷനുകൾ, ഫ്യൂസ്, ബുഷിങ്സ്, എർത്തിങ്, ടാപ്പ് പൊസിഷൻ, ട്രാൻസ്-ഫോർമർ ഓയിൽ ലെവൽ തുടങ്ങിയവ പരിശോധിച്ച് ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. നിലവിൽ കെ.എസ്.ഇ.ബി.എൽ. ഉയർന്ന ഊർജ്ജക്ഷമതയുള്ള സ്റ്റാർ റേറ്റഡ് ട്രാൻസ്ഫോർമറുകളാണ് വാങ്ങുന്നത്. |
| (ബി) | മുപ്പത് വർഷത്തിലേറെ പഴക്കമുള്ള ട്രാൻസ്പോർമറുകൾ മാറ്റി പുതിയത് സ്ഥാപിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിതരണ രംഗം ശാക്തീകരിക്കുന്നതിനുള്ള കെ. എസ്. ഇ. ബി. എൽ.-ന്റെ തനതു പദ്ധതിയായ ദ്യുതി 1, 2-ലും കേന്ദ്രാ-വിഷ്കൃത പദ്ധതിയായ RDSS-ലും ഉൾപ്പെടുത്തി പഴക്കം ചെന്ന വിതരണ ട്രാൻസ്ഫോർമറുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം നിലവിലുണ്ട്. ദ്യുതി 1 പദ്ധതിയിൽ 2880 വിതരണ ട്രാൻസ്ഫോർമറുകളും ദ്യുതി 2 പദ്ധതിയിൽ 743 വിതരണ ട്രാൻസ്ഫോർ മറുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്.<br><br>ദ്യുതി 2, സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ 3287 വിതരണ ട്രാൻസ്ഫോർമറുകളും RDSS പദ്ധതിയിൽ 921 വിതരണ ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. |
| (സി) | പഴക്കമേറിയതും കേടാകുന്നതുമായ ട്രാൻസ്പോർമറുകൾ മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വിതരണ രംഗം ശാക്തീകരിക്കുന്നതിനുള്ള കെ. എസ്. ഇ. ബി. എൽ.-ന്റെ തനതു പദ്ധതിയായ ദ്യുതി 1, 2-ലും കേന്ദ്രാ-വിഷ്കൃത പദ്ധതിയായ RDSS-ലും ഉൾപ്പെടുത്തി പഴക്കം ചെന്ന വിതരണ ട്രാൻസ്ഫോർമറുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം നിലവിലുണ്ട്. ദ്യുതി |

| | | | |
|---|---|---|---|
| | | | 1 പദ്ധതിയിൽ 2880 വിതരണ ട്രാൻസ്ഫോർമറുകളും ദ്യുതി 2 പദ്ധതിയിൽ 743 വിതരണ ട്രാൻസ്ഫോർ മറുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്.<br><br>ദ്യുതി 2, സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ 3287 വിതരണ ട്രാൻസ്ഫോർമറുകളും RDSS പദ്ധതിയിൽ 921 വിതരണ ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ